# <u>വീട് നിർമ്മിച്ച് നൽകി മാതൃകയായി</u>





വരാപ്പുഴ പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തു വരുന്ന ഗ്രേഡ് ASI ആയ റെനിൽ.വർഗ്ഗീസിൻറെ നേതൃത്വത്തിൽ സുമനസ്സുകളുടെ സഹായം കൊണ്ട് നിർമ്മിച്ച വീടിൻറെ ഗൃഹപ്രവേശം ഇന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS നിർവ്വഹിച്ചു.

കടമക്കുടി പഞ്ചായത്തിൽപ്പെട്ട ചരിയൻതുരുത്തിലെ ഹരിജൻകോളനിയിൽ താമസിക്കുന്ന കണ്ണൻപുലങ്ങാട്ട് സജീവിനാണ് വീട് നിർമ്മിച്ച് നൽകിയത്. കനിവിൻറെ ഉറവ വറ്റാത്ത ഒരു കൂട്ടം സുമനസ്സുകളെ കൂടെ കൂട്ടിയാണ് തൻറെ തിരക്കേറിയ ഔദ്യോഗീക കൃത്യനിർവ്വഹണത്തിനിടയിലും റെനിൽ.വർഗ്ഗീസ് സമയം കണ്ടെത്തിയത്. ഈ പോലീസ് ഉദ്യോഗസ്ഥൻറെ ഉദ്യമത്തിന് എല്ലാവിധ പിൻതുണയും നൽകി വരാപ്പുഴ SHO E.V ഷിബുവും മറ്റു സഹപ്രവർത്തകരും കൂടെയുണ്ടയിരുന്നു. ഇദ്ദേഹത്തിൻറെ സൽപ്രവൃത്തിയെ പ്രകീർത്തിച്ച് ജില്ലാ പോലീസ് മേധാവി ചടങ്ങിൽ വച്ച് ഉപഹാരം നൽകി ആദരിച്ചു.